**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പ് - പാലക്കാട് ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിൽ നിയമനം ലഭിച്ച ശ്രീ. ഇജാസ്. പി.ജെ. - സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധ) നം. 1305/2019/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 26/06/2019**

പരാമർശം:- 1. മുഖ്യനഗരാസൂത്രകയുടെ 26.03.2019 തിയതിയിലെ എ 5/11685/2018 നമ്പർ കത്ത്.
2. 8/6/2000 തിയതിയിലെ 5966/അഡ്വൈസ്-സി 3/2000/പി & എആർഡി നമ്പർ സർക്കുലർ.

**ഉത്തരവ്**

നഗരഗ്രാമാസൂത്രണ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിൽ നിയമനം ലഭിച്ച ശ്രീ. ഇജാസ്. പി.ജെ. ടിയാൻ നിലവിൽ സേവനമനുഷ്ഠിച്ചുവരുന്ന ദുബായിലെ കമ്പനിയുമായുണ്ടാക്കിയ കരാർ പ്രകാരം സേവനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതിന് ഒരു മാസം മുമ്പായി കമ്പനിയ്ക്ക് നോട്ടീസ് നൽകണമെന്നതിനാലും കുടുംബസമേതം ഷാർജയിൽ താമസിക്കുന്നതിനാൽ ഇന്ത്യയിലേയ്ക്ക് മാറുന്നതിന് അധിക സമയം വേണ്ടിവരുമെന്നതിനാലും സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് ദീർഘിപ്പിച്ചു നൽകുന്നതിന് സമർപ്പിച്ച അപേക്ഷ മുഖ്യ നഗരാസൂത്രക പരാമർശം 1 പ്രകാരം ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2 സർക്കുലറിലെ ഖണ്ഡിക 11,12 എന്നിവയിലെ വ്യവസ്ഥകൾക്കും കെ എസ് & എസ് എസ് ആർ ഭാഗം രണ്ട് ചട്ടം 27 (c) യുടെ ഒന്നാം പ്രൊവിസോ പ്രകാരം സേവനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽക്കേ സീനിയോറിറ്റി കണക്കാക്കുകയുള്ളൂ എന്ന വ്യവസ്ഥയ്ക്കും വിധേയമായി ശ്രീ ഇജാസ് പി . ജെ .യ്ക്ക് നഗരഗ്രാമാസൂത്രണ വകുപ്പിന് കീഴിൽ അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി 05/07/2019 വരെ ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

പകർപ്പ്: മുഖ്യനഗരാസൂത്രക, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീ. ഇജാസ് പി.ജെ. (മുഖ്യനഗരാസൂത്രക മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ